(ഡി) പ്രസ്തുത ഫിലിം സിറ്റി സ്ഥാപിക്കുന്നതിനായി ഏതെല്ലാം ഫണ്ടുകൾ ഉപയോഗിക്കാനാണ് തീരുമാനം എടുത്തിട്ടുള്ളത് ; വിശദാംശം നൽകുമോ ; പ്രസ്തുത ഫിലിംസിറ്റിക്കായി എത്ര തുക നാളിതുവരെ അനുവദിച്ചു ; വിശദാംശം നൽകുമോ ;

(ഇ) പ്രസ്തുത ഫിലിംസിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുവോ ; ഇല്ലെങ്കിൽ എന്നാരംഭിക്കുവാൻ കഴിയും ; വിശദമാക്കുമോ ?

ഉത്തരം

(എ) ഒറ്റപ്പാലം താലൂക്കിൽ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള മൂന്ന് ഏക്കർ മൂന്ന് സെന്റ് ഭൂമി ഫിലിംസിറ്റി നിർമ്മാണത്തിനായി സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് മുപ്പത് വർഷം പാട്ടത്തിന് നൽകുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിക്കായി എം.എൽ.എ ഫണ്ടിൽനിന്നും തുക അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഇല്ല. എന്നാൽ 2011-12, 2012-13 വർഷങ്ങളിലെ ബഡ്ജറ്റ് പ്രസംഗങ്ങളിൽ യഥാക്രമം 50 ലക്ഷവും, ഒരു കോടി രൂപയും വകയിരുത്തിയിരിക്കുന്നു.

(സി-ഇ) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14-12-2012, 13-06-2013 തീയതികളിൽ യോഗം ചേർന്നു. യോഗതീരുമാനങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്. ഒറ്റപ്പാലം ഫിലിംസിറ്റി നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിക്കുന്നതിന് രൂപാർശ സമർപ്പിച്ചിട്ടുണ്ടെങ്കിലും ടി രൂപാർശ ആസ്തി വികസന ഫണ്ടിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചല്ലാത്തതിനാൽ ആയത് അംഗീകരിക്കാൻ നിർവ്വാഹമില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരിക്കുകയാണ്.

**കേരള സംസ്ഥാന സാസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്**

318 (2147) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തന ക്ഷേമനിധി ബോർഡിൽ എത്ര കലാകാരന്മർ അംഗങ്ങളായുണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) 2011-12 മുതൽ 15-16 വരെ വർഷങ്ങളിൽ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിനായി നീക്കിവച്ച ബഡ്ജറ്റ് തുക എത്രയെന്ന് വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ക്ഷേമനിധി ബോർഡിന്റെ വരുമാനമാർഗ്ഗങ്ങൾ എന്തൊക്കെയാണ് ; എന്തൊക്കെ ക്ഷേമ പ്രവർത്തനങ്ങളാണ് അംഗങ്ങൾക്കായി നടത്തി വരുന്നത് ; എത്ര അംഗങ്ങൾക്ക് പെൻഷൻ നൽകുന്നുണ്ടെന്നും, പെൻഷൻ നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ ;

(ഡി) പെൻഷൻ പദ്ധതി ഏത് വർഷമാണ് ആരംഭിച്ചത്; പദ്ധതിക്ക് മുടക്കം സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ മാസങ്ങളിലെന്നും, അതിന്റെ കാരണവും വ്യക്തമാക്കാമോ ;

(ഇ) പെൻഷന് പുറമെ ചികിത്സാ ധനസഹായം, വിദ്യാഭ്യാസ സഹായം എന്നിവ നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ 2011-12 മുതൽ 15-16 വരെ വർഷങ്ങളിൽ എത്ര പേർക്ക് എത്ര തുക നൽകിയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ 6983 അംഗങ്ങളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ഇവരിൽ 1567 പേർ ഈ ക്ഷേമനിധിയിൽ നിന്നും പെൻഷൻ വാങ്ങി വരുന്നവരാണ്.

(ബി) 2011-12 മുതൽ 2015-16 വരെ സർക്കാർ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന് താഴെപ്പറയും പ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട്:

| | | |
|---|---|---|
| 2011-12 | 1 കോടി രൂപ | സാംസ്കാരിക ബമ്പർ ലോട്ടറിയിലൂടെ പിരിഞ്ഞു കിട്ടിയ തുകയുടെ അറ്റാദായത്തിൽനിന്നും അനുവദിച്ചത് |
| 2012-13 | 51.4 ലക്ഷം രൂപ | സാംസ്കാരിക ബമ്പർ ലോട്ടറിയിലൂടെ പിരിഞ്ഞു കിട്ടിയ തുകയുടെ അറ്റാദായത്തിൽനിന്നും അനുവദിച്ചത്. |
| 2013-14 | 6 ലക്ഷം രൂപ | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി സർക്കാരിൽ നിന്നും ലഭിച്ചത്. |
| 2014-15 | 2 കോടി രൂപ | സെസ്സ് വരുമാനം ലഭിക്കുമ്പോൾ തിരിച്ചടക്കണമെന്ന വ്യവസ്ഥയിൽ അനുവദിച്ചത്. |
| 2015-16 | 25 ലക്ഷം രൂപ | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായുള്ള ബഡ്ജറ്റ് വിഹിതം. |

ആകെ 382.4 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

(സി) ക്ഷേമനിധി ബോർഡിൽ വരവ് വയ്ക്കാവുന്ന ഫണ്ടിനങ്ങളുടെ വിവരം ക്ഷേമനിധി ആക്ടിൽ ചട്ടം 3(2)-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആക്ടിന്റെ പ്രസക്ത ഭാഗം അനുബന്ധം I ആയി ചേർക്കുന്നു. എന്നാൽ അംഗങ്ങൾ അടയ്ക്കുന്ന അംശാദായ തുകയും അപേക്ഷയോടൊപ്പം ലഭിക്കുന്ന രജിസ്ട്രേഷൻ ഫീസ്, സിനിമാ പ്രേക്ഷകരിൽനിന്നും ലഭിക്കുന്ന സെസ്സ്, സർക്കാരിൽനിന്നും നൽകുന്ന ഫണ്ട് എന്നിവയാണ് നിലവിലെ വരവിനങ്ങൾ. 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി വ്യവസ്ഥകൾ പ്രകാരമുള്ള പ്രവർത്തനങ്ങളാണ് ഈ ബോർഡ് കൈക്കൊണ്ടുവരുന്നത്. ക്ഷേമനിധി പദ്ധതിപ്രകാരം അംഗങ്ങൾക്കു ലഭ്യമാകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.* നിലവിൽ 1567 അംഗങ്ങൾക്കാണ് ക്ഷേമനിധി ബോർഡുമുഖേന പെൻഷൻ നൽകി വരുന്നത്. ക്ഷേമനിധി പദ്ധതി വ്യവസ്ഥകൾ പ്രകാരം 60 വയസ്സിനുമുൻപ് തുടർച്ചയായി 5 വർഷത്തെ അംശാദായം അടച്ചിട്ടുള്ള അംഗത്തിന് 60 വയസ്സുകഴിയുമ്പോഴും, 60 വയസ്സുകഴിഞ്ഞ അംഗങ്ങൾ പദ്ധതി നിഷ്കർഷിക്കുന്ന കാലപരിധിക്കുള്ളിൽ 5 വർഷത്തെ അംശാദായം ഒറ്റത്തവണയായി അടച്ച് അംഗത്വം എടുക്കുന്ന മുറയ്ക്കും പെൻഷന് അർഹത കൈവരുന്നു.

(ഡി) 2013 ജനുവരി മാസം മുതലാണ് പെൻഷൻ പദ്ധതി ആരംഭിച്ചത്. ബോർഡിന്റെ വരുമാനം പ്രതീക്ഷക്കൊത്തവണ്ണം ഉണ്ടാകാത്തതിനെത്തുർന്ന് (സെസ്സ് പിരിവും അംശാദായവും) 2014 നവംബർ മുതൽ 2015 മാർച്ച് വരെ 5 മാസക്കാലം പെൻഷൻ നൽകുന്നതിന് മുടക്കം സംഭവിച്ചിട്ടുണ്ട്. തുടർന്ന് 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ പുനഃരാരംഭിച്ചിട്ടുണ്ട്. മുടങ്ങിക്കിടന്ന അഞ്ചു മാസത്തെ പെൻഷൻ തുകയിൽ നാലുമാസത്തെ പെൻഷൻ കുടിശ്ശിക ഇതിനകം നൽകിയിട്ടുണ്ട്. ഒരു മാസത്തെ കുടിശ്ശിക ഇനിയും നൽകാനുണ്ട്.

(ഇ) ക്ഷേമനിധി പദ്ധതി നിലവിൽ വന്ന 2013 ജനുവരി മാസം മുതൽ നാളിതുവരെ 47 അംഗങ്ങൾക്ക് 17,55,275 രൂപ ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരമുള്ള വിദ്യാഭ്യാസ സഹായത്തിനായി അർഹതയുള്ള ആരും മുന്നോട്ടുവന്നിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly